**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1984** **02-02-2024 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേനയുള്ള കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന ഭരണാനുമതി ലഭിച്ച കുടിവെള്ളം പദ്ധതിയ്ക്കുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് ബാക്കി തുക കൂടി അനുവദിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ; | (എ) | **ഉണ്ട്.** |
| (ബി) | എങ്കിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുക ഉപയോഗപ്പെടുത്തി പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ഭരണാനുമതി നൽകുമോയെന്ന് വിശദമാക്കാമോ; | (ബി) | കൊടുവള്ളി നഗരസഭയിലെ കളരാന്തിരി നോർത്ത് ഡിവിഷനിലെ വല്ലിപ്പറമ്പ പ്രദേശത്ത് കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് 2019 -ൽ പ്രൊപ്പോസൽ സമർപ്പിച്ചപ്പോൾ 47 ലക്ഷം രൂപയാണ് കേരള വാട്ടർ അതോറിറ്റി അംഗീകരിച്ച് എസ്റ്റിമേറ്റ് തന്നിരുന്നത് . എന്നാൽ പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയായപ്പോൾ തന്നെ ടി തുക ചെലവഴിച്ച് വീണ്ടും 49.76 ലക്ഷം രൂപ കൂടി ആവശ്യപ്പെട്ട സാഹചര്യത്തിൽ, ആയതിനുള്ള കാരണം വ്യക്തമാക്കുവാനും, ന്യൂനപക്ഷ ക്ഷേമ വകുപ്പ മുഖാന്തരം നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾക്ക് വേണ്ടി കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകിയ തുകയിൽ, പദ്ധതികൾ നടപ്പിലാക്കാതെ ഇനിയും എത്ര രൂപ മിച്ചമുണ്ടെന്ന് അറിയിക്കുവാനും കേരളാ വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർക്ക് 22/12/2023 തീയതിയിൽ MW2/183/2023-GAD നമ്പർ ഫയലിൽ റിപ്പോർട്ട് ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട് . ആയതിന് മറുപടി ലഭ്യമായിട്ടില്ല . മറുപടി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ് . |
| (സി) | എം.ഡബ്ല്യു.2/183/2023-ജി.എ.ഡി. നമ്പർ ഫയലിന്മേൽ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (സി) | കൊടുവള്ളി നഗരസഭയിലെ കളരാന്തിരി നോർത്ത് ഡിവിഷനിലെ വല്ലിപ്പറമ്പ പ്രദേശത്ത് കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് 2019 -ൽ പ്രൊപ്പോസൽ സമർപ്പിച്ചപ്പോൾ 47 ലക്ഷം രൂപയാണ് കേരള വാട്ടർ അതോറിറ്റി അംഗീകരിച്ച് എസ്റ്റിമേറ്റ് തന്നിരുന്നത് . |

| | | | |
|---|---|---|---|
| | ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | | എന്നാൽ പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയായപ്പോൾ തന്നെ ടി തുക ചെലവഴിച്ച് വീണ്ടും 49.76 ലക്ഷം രൂപ കൂടി ആവശ്യപ്പെട്ട സാഹചര്യത്തിൽ, ആയതിനുള്ള കാരണം വ്യക്തമാക്കുവാനും, ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾക്ക് വേണ്ടി കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകിയ തുകയിൽ, പദ്ധതികൾ നടപ്പിലാക്കാതെ ഇനിയും എത്ര രൂപ മിച്ചമുണ്ടെന്ന് അറിയിക്കുവാനും കേരളാ വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർക്ക് 22/12/2023 തീയതിയിൽ MW2/183/2023-GAD നമ്പർ ഫയലിൽ റിപ്പോർട്ട് ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട് . ആയതിന് മറുപടി ലഭ്യമായിട്ടില്ല . മറുപടി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ